പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഫെസ്റ്റിവെൽ അലവൻസ്**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 580 | 28.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>" പി.കെ.ഗുരുദാസൻ<br>" പുരുഷൻ കടലുണ്ടി<br>" കെ.കുഞ്ഞിരാമൻ(ഉദുമ) | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഓണത്തിന് ഫെസ്റ്റിവൽ അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) | പരിഗണനയിലില്ല. |
| (ബി) | 2012-13 ൽ ഏകദേശം 35 കോടിയോളം രൂപ വരുന്ന ക്ഷേമപദ്ധതി പ്രഖ്യാപിച്ചിരുന്നോ; അത് നടപ്പിലാക്കുകയുണ്ടായോ; വിശദമാക്കുമോ; | (ബി) | 2012-13 ൽ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 സാമ്പത്തിക വർഷത്തിൽ 100 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള സ്ത്രീ തൊഴിലാളികളുടെ സ്കൂൾ കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം, പുസ്തകം തുടങ്ങിയവ വാങ്ങുന്നതിന് ഓരോസ്ത്രീ തൊഴിലാളിയ്ക്കും 1000 രൂപ വീതം ധനസഹായം നൽകുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 2011-12 സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളിലെ കുറഞ്ഞത് 90 ദിവസമെങ്കിലും പണിയെടുത്ത, 113680 സ്ത്രീ തൊഴിലാളികൾക്ക് 1,000/- രൂപാ വീതം ധനസഹായം നല്കി. |
| (സി) | ഓണത്തിനു മുമ്പ് തൊഴിലുറപ്പ് തൊഴിലാളികളുടെ കുടിശ്ശിക വേതനം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ കായിക തൊഴിലിനുള്ള കൂലി പൂർണ്ണമായും കേന്ദ്രസർക്കാരാണ് നൽകുന്നത്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്രം ഒന്നാംഗഡുവായി അനുവദിച്ച 36770 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. അടുത്ത ഗഡുവിനുള്ള അപേക്ഷ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുഴുവൻ കുടിശ്ശികയും കൊടുത്ത് തീർക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ